# ചായക്കടയിൽ കേട്ടത്



നാസിമുദ്ദീൻ

**(അടുത്ത ഇലക്ഷന് 1000 കോടി രൂപ ജനങ്ങൾക്ക് അധിക ഭാരമാകും.)**
അതിനേക്കാൾ വലിയ ഭാരമാണല്ലോ ഇനിയും ഈ കണ്ടാമൃഗങ്ങളെ വീട്ടുമുറ്റത്ത് കാണേണ്ടിവരിക.

**(ഈ വർഷത്തെ രാഷ്ട്രതന്ത്രത്തിനുള്ള അന്തർദേശീയ അവാർഡ് കുമാരി ജയലളിതയ്ക്ക്.)**
ഒന്നുകൂടി സൂക്ഷിച്ചു വായിക്ക്! രാഷ്ട്രതന്ത്രത്തിനോ കുതന്ത്രത്തിനോ?

**(മദനിക്ക് ജാമ്യാപേക്ഷ അനുവദിക്കാത്തതിനാൽ തമിഴ്നാട് ദീർഘദൂര സർവീസുകൾ പി.ഡി.പി. പ്രവർത്തകർ തലസ്ഥാനത്ത് ഉപരോധിച്ചു.)**
ബോംബ് വയ്ക്കാൻ മദനിക്ക് തമിഴ്നാട്ടിൽ പോകാമെങ്കിൽ ബസുകൾക്ക് കേരളത്തിലും വന്നുകൂടെ.

**(സോണിയയെ പ്രധാനമന്ത്രിയാക്കുന്നതിൽ തെറ്റില്ല. കോൺഗ്രസിന്റെ സ്ഥാപകരടക്കം പലരും വിദേശിയരായിരുന്നു.)**
അത്ര കാര്യമാക്കാനില്ല. റോമിലും അമേരിക്കയിലും പോയി വന്നതിൽ പിന്നെയാണ് അങ്ങേർക്കിത്ര വിദേശഭ്രമം.

**(കേരളമടക്കം ചില സംസ്ഥാനങ്ങളിൽ വരാനിരിക്കുന്ന വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും മുൻനിർത്തി ഇലക്ഷൻ നേരത്തെയാക്കണമെന്ന് ഫെർണാണ്ടസ്.)**
വെള്ളപ്പൊക്കം ഒന്നു നേരത്തെ വന്നാൽ മതിയായിരുന്നു ചങ്ങാതി!